(സി) ഇത്തരം അലവൻസ് മലബാർ പ്രദേശത്തു പ്രവർത്തിക്കുന്നവർക്ക് കിട്ടിവരുന്നില്ലെന്നുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(ഇ) ഇവർക്കുടി കഴിയുന്നത്രയും വേഗത്തിൽ അതു കിട്ടുമാറാക്കുന്നതിനു ഗവണ്മെൻറ് വേണ്ട നടപടിയെടുക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഉണ്ട്.

(ബി) അസിസ്റ്റൻറ് സർജൻമാർക്ക് പ്രതിമാസം അൻപതു രൂപയും, നേഴ്സസിനു ഇരുപതു രൂപയും.

(സി) ഉണ്ട്.

(ഡി-ഇ) മലബാർ പ്രദേശത്തു് ഈ അലവൻസു് മുൻപുണ്ടായിരുന്നില്ല. അവർക്കുടി ഈ അലവൻസു കൊടുക്കുന്നതിനെപ്പറ്റി ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. പി. രാമുണ്ണിക്കറുപ്പു്: മലബാർ പ്രദേശത്തുള്ള നേഴ്സസിനു് മദിരാശി ഗവണ്മെൻറ് അനുവദിച്ചിരുന്ന ചില അലവൻസുകളും ഇപ്പോൾ അനുവദിക്കുന്നില്ലെന്നും, അതു ഉടനെ അനുവദിക്കുന്നതിനു വേണ്ട നടപടി എടുക്കാമെന്നും ഇവിടെ പറഞ്ഞിരുന്നു. അതിന്മേൽ വല്ല കല്പനയും ആയിട്ടുണ്ടോ?

ഡാക്ടർ എ. ആർ. മേനോൻ: കഴിയുന്നത്രയും വേഗം അതിനെപ്പറ്റി വേണ്ടതു ചെയ്യാം.

ശ്രീ. കെ. കുഞ്ഞമ്പു: പരിയാരം ആശുപത്രിയിലെ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം ശരിയായിട്ടു കിട്ടുന്നില്ലെന്നുള്ള പരാതിയുള്ളതായി അറിയാമോ?

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

വൻകിട ജലസേചനപദ്ധതികൾ.

*1551. [11] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ സ്റ്റേറ്റിൽ ഏതെങ്കിലും വൻകിട ജലസേചനപദ്ധതികളുടെ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാഞ്ഞിരപ്പുഴ സ്കീം ഈ സാമ്പത്തികവർഷത്തിൽ തുടങ്ങാൻ സാധ്യതയുണ്ടോ;

(സി) റീ ഇൻവെസ്റ്റിഗേഷനുശേഷം പ്രസ്തുത പദ്ധതികൊണ്ടു് വെള്ളമെത്താവുന്ന സ്ഥലം ഏതുയാണെന്നു കണക്കാക്കിയിട്ടുണ്ടോ;

(ഡി) വൻകിടജലസേചനപദ്ധതിയുടെ പ്രവർത്തനത്തിലും ത്വരിതഗതിയിൽ സഫലമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) തുടങ്ങണമെന്നാഗ്രഹമുണ്ടു്.

(ബി) കേന്ദ്രഗവണ്മെൻറ് ഇനിയും അനുമതി നൽകിയിട്ടില്ല. കേന്ദ്രത്തെ ഉടനടി സമീപിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അനുമതി നൽകിയാൽ ഈ സാമ്പത്തികവർഷത്തിൽതന്നെ തുടങ്ങാൻ ആലോചിക്കുന്നുണ്ടു്.

(സി) ശരിയായി കണക്കാക്കിയിട്ടില്ല; ഏകദേശം ഇരുപതിനായിരം ഏക്കർ സ്ഥലത്തെ കൃഷിക്കു് ഉപയോഗിക്കാൻ സാധിക്കുമെന്നു തോന്നുന്നു.

(ഡി) ഉദ്ദേശിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : ഈ പദ്ധതികൊണ്ട് ഉപയോഗം ഉണ്ടാകാവുന്ന ഒറപ്പാലം, പെരുവൽമണ്ണ താലൂക്കുകളിലെ ആളുകൾ ഇതിനു വേണ്ടി ശ്രമദാനം നടത്താൻ തയ്യാറാണെന്നു ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. ടി. അബ്ദുൽമജീദ് : ശ്രമദാനത്തിൻറെ കടലാസ്സല്ല ഇപ്പോൾ ഉള്ളത്.

ശ്രീ. പി. ടി. ചാക്കോ : പമ്പാവാലി സ്കീം അനുസരിച്ചു പണി ഇവിടെ കൊല്ലം നടത്തുന്നുണ്ടോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : നോട്ടീസുവേണം.

ശ്രീ. പി. ടി. ചാക്കോ : ഈ സാമ്പത്തികവർഷത്തിൽ സ്റ്റോറിൽ എന്തെങ്കിലും വൻകിടജലസേചനപദ്ധതികൾ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നാണ് (എ) വിഭാഗം ചോദ്യം. പമ്പാവാലി സ്കീം ഒരു വൻകിട പദ്ധതിയായിട്ടാണു കണക്കാക്കിയിട്ടുള്ളത്.

ശ്രീ. ടി. അബ്ദുൽ മജീദ് : ഇതിനെപ്പറ്റി മാത്രമേ ഇപ്പോൾ പറയാൻ കഴിയൂ.

ഹരിജന ഉദ്യോഗസ്ഥന്മാർ.

* 1552. [12] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

150 രൂ. യിൽ അധികം പ്രതിമാസശമ്പളമുള്ള എത്ര ഹരിജനങ്ങൾ സ്റ്റോറിൽ സർവ്വീസിലുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ): പൂർണ്ണവിവരങ്ങൾ ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. ഇതുവരെ കിട്ടിയ റിപ്പോർട്ടുകൾ അനുസരിച്ചു് 150 രൂപയിൽ അധികം പ്രതിമാസശമ്പളമുള്ളവർ ഇങ്ങനെ ഞാനുമാത്രമുണ്ടെന്നു കാണുന്നു. പൂർണ്ണവിവരങ്ങൾ ശേഖരിച്ചുവരികയാണു്.

ശ്രീ. പി. ടി. ചാക്കോ : പൂർണ്ണവിവരം ഇല്ലെങ്കിൽ ഇങ്ങനെയുള്ള വഴിയെന്നറിയ ഉത്തരങ്ങൾ പറയാതിരിക്കയാണു് നല്ലതു്.

ശ്രീ. പി. കെ. ചാത്തൻ : കിട്ടിയ ഉത്തരം പറഞ്ഞതാണു്; മുഴുവൻ ശേഖരിച്ചിട്ടില്ല.

ശ്രീ. സി. എ. മാത്യു : ഡിസ്ട്രിക്റ്റ് അടിസ്ഥാനത്തിലോ, ഡിപ്പാർട്ട്മെൻറടിസ്ഥാനത്തിലോ 71 പേർ ഉണ്ടെന്നു പറഞ്ഞതു് ?

ശ്രീ. പി. കെ. ചാത്തൻ : ഡിപ്പാർട്ടുമെൻറടിസ്ഥാനത്തിൽ.

ശ്രീ. പി. ടി. ചാക്കോ : ഇനി ഏത് ഡിപ്പാർട്ടുമെൻറിലെ വിവരം കിട്ടാനുണ്ടു് ?

ശ്രീ. പി. കെ. ചാത്തൻ : നോക്കി പറയാം.

LIBRARY ARCHIVES Kerala Legislative Assembly